I/415583/2023

"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

DGE/14433/2023-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 23-08-2023

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫംഗ്ഷണൽ സ്കൂൾ ലീഡർഷിപ്പ് (CPFSL) - രജിസ്ട്രേഷൻ - സംബന്ധിച്ച്

സൂചന :- 1. സീമാറ്റ് ഡയറക്ടറുടെ 19.08.2023 ലെ സീമാറ്റ്/എഡി.ബി2/90/2022 നമ്പർ കത്ത്.

2. 05.08.2023 - ൽ ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എഡ്യൂക്കേഷണൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ സീമാറ്റ്-കേരള (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ്-കേരള) ആവിഷ്കരിച്ചിരിക്കുന്ന അക്കാദമിക് പ്രോഗ്രാമാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫംഗ്ഷണൽ സ്കൂൾ ലീഡർഷിപ്പ് (CPFSL). സമഗ്ര ശിക്ഷാ കേരളയുടെ സഹകരണത്തോടെയാണ് സീമാറ്റ്-കേരള മേൽ പ്രോഗ്രാം നടപ്പിലാക്കുന്നത്. എൽ.പി/യു.പി/ഹൈസ്കൂൾ/ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും പ്രിൻസിപ്പൽ മാർക്കും സീനിയർ അധ്യാപകർക്കും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർ മാസ്റ്റർമാർക്കുമാണ് ആദ്യഘട്ടത്തിൽ CPFSL നൽകുന്നത്. മേൽ വിഭാഗങ്ങളിൽപെടുന്ന 2000 പേർക്കായിരിക്കും കോഴ്സ് സൗജന്യമായി നൽകുക. 21 ദിവസത്തെ ഓൺലൈൻ പ്രോഗ്രാമും 4 ദിവസത്തെ റസിഡൻഷ്യൽ പരിശീലനവും ഉൾപ്പെടുന്നതാണ് CPFSL.

CPFSL പ്രോഗ്രാമിൽ ചേരാൻ തൽപ്പരരായ എൽ.പി/യു.പി/ഹൈസ്കൂൾ/ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രഥമാധ്യാപകരും പ്രിൻസിപ്പൽ മാരും സീനിയർ അധ്യാപകരും ഓരോ വിഭാഗത്തിനുമുള്ള ഓൺലൈൻ ലിങ്കുകൾ സീമാറ്റ്-കേരള തയ്യാറാക്കി നൽകുന്ന മുറയ്ക്ക് തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു.

സംശയനിവാരണത്തിന് സീമാറ്റ്-കേരളയുടെ അക്കാദമിക വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്.

1. ഡോ. അനന്തകുമാർ എസ്, കോ-ഓർഡിനേറ്റർ - 9544178153
2. ഡോ. അരുണ സി. ആർ, കൺസൾട്ടന്റ് - 9497784141
3. ശ്രീ. നിതിൻ പി, ജൂനിയർ കൺസൾട്ടന്റ് - 9567354542

Signed by
Shanavas S Ias
Date: 23-08-2023 15:07:43

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. വിദ്യാഭ്യാസവകുപ്പിലെ എല്ലാ ലൈൻ ഏജൻസി തലവൻമാർക്കും

2. സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. സംസ്ഥാനത്തെ മുഴുവൻ സ്കൂൾ മേധാവികൾക്കും (ബന്ധപ്പെട്ട ഓഫീസർമാർ മുഖേന)

(വിദ്യാഭ്യാസ ജില്ല, ഉപജില്ല തലത്തിലുള്ള വിവിധ ഔദ്യോഗിക വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ രജിസ്ട്രേഷനുള്ള ലിങ്കുകൾ സീമാറ്റ്-കേരള ലഭ്യമാക്കുന്നമുറയ്ക്ക് ഷെയർ ചെയ്യേണ്ടതാണ്)